ഭരണഭാഷ മാതൃഭാഷ

കോളേജ് വിദ്യാഭ്യാസ വകുപ്പ്
തിരുവനന്തപുരം
20-07-2024

C2/31831/2023/DCE

പ്രേക്ഷകൻ

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവിമാർക്കും

സർ,

വിഷയം : കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ഉഷ ഡി , ലൈബ്രറി അസിസ്റ്റന്റ് ന്റെ ക്ലാർക്ക് തസ്തികയിലേക്കുള്ള സംയോജിത മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന: 1) 06.07.2019 തിയ്യതിയിലെ C1/3705/2014 നം അന്തിമ മുൻഗണന പട്ടിക.
2) 24.06.2024 തിയ്യതിയിലെ എഫ്1/261/2023/ഉ.വി.വ നം കത്ത്.

*****

സൂചന (1) പ്രകാരം ഈ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിനായി ക്ലാർക്ക് തസ്തികയ്ക്ക് താഴെയുള്ള ജീവനക്കാരുടെ അന്തിമ സംയോജിത മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത മുൻഗണനാ പട്ടികയിൽ നെയ്യാറ്റിൻകര, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ ലൈബ്രറി അസിസ്റ്റന്റ് ആയ ശ്രീമതി.ഉഷ എസ് ന്റെ പേര് ഉൾപെടുത്താൻ വിട്ടുപോയെന്നും ടിയാന്റെ പേര് ഉൾപെടുത്തുന്നതിനുമായി പ്രിൻസിപ്പാൾ മുഖേന അപേക്ഷ നൽകുകയുണ്ടായി. ടിയാരി താത്കാലിക മുൻഗണനാ പട്ടികയിന്മേൽ പരാതി ഉന്നയിച്ചിട്ടില്ലാതിരുന്നതിനാൽ പട്ടികയ്ക്ക് അന്തിമ രൂപം നൽകി ടിയാന്റെ പേര് ഉൾപെടുത്താതെയാണ് പ്രസിദ്ധീകരിച്ചിരുന്നത്. നിലവിൽ തന്റെ പേര് പ്രസ്തുത മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് ശ്രീമതി.ഉഷ എസ് അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീമതി. ഉഷ എസ് തിരുവനന്തപുരം ജില്ലാ പി എസ് സി ഓഫീസിരുടെ DTD 3/3527/96(14) തീയതി 05.06.2023 നമ്പർ നിയമന ശിപാർശ അനുസരിച്ച് കോളേജ് വിദ്യാഭ്യാസ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13.12.2004 ല സി3/30605/02/കോവിവ നമ്പർ നിയമന ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 19.02.2004 ൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ശ്രീമതി ഉഷ എസ് എസ് എസ് എൽ സി പാസ്സായിട്ടുണ്ട്. ടിയാളുടെ നിയമന ഉത്തരവ് തിയതി അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിക്കുന്ന പക്ഷം ക്രമ നം 36 ശ്രീ പാരിജാതൻ എ, ക്രമ നം 37 ശ്രീ ഹരികുമാരൻ നായർ നം

ഇടയിൽ സ്ഥാനം ലഭിക്കുവാൻ അർഹതയുണ്ട്. ഒരിക്കൽ അന്തിമ രൂപം നൽകിയ മുൻഗണന പട്ടികയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അനുമതി ആവശ്യമായതിനാൽ ടിയാളുടെ അപേക്ഷ സർക്കാരിലേക്ക് അയക്കുകയും സൂചന (2) പ്രകാരം അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽസൂചന (1) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ നെയ്യാറ്റിൻകര, ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ ലൈബ്രറി അസിസ്റ്റന്റ് ആയ ശ്രീമതി. ഉഷ എസ് പേര് SL NO-36 (a) ആയി (SL NO-36 ശ്രീ. പാരിജാതൻ. എ SL NO-37 ശ്രീ. ഹരികുമാരൻ നായർ .റ്റി യുടെയും ഇടയിൽ) സ്ഥാനം നിശ്ചയിച്ച് പേര് അന്തിമ മുൻഗണന പട്ടികയിൽ അർഹതപ്പെട്ട സ്ഥാനത്ത് ചേർക്കുന്നതിന്, മുൻഗണന ക്രമം ബാധിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തടസ്സവാദങ്ങൾ ഉണ്ടെങ്കിൽ ആയത് ഈ കത്ത് ലഭിച്ച് 10 ദിവസത്തിനകം ഉചിതമാർഗ്ഗേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ASEEM A

SENIOR ADMINISTRATIVE OFFICER

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

Signed by
Aseem A
Date: 20-07-2024 14:00:15